"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - പഞ്ചായത്ത് വകുപ്പിൽ അസിസ്റ്റന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, ജോയിന്റ് ഡയറക്ടർ, അഡീഷണൽ ഡയറക്ടർ എന്നീ കേഡറുകളിലെ കരട് സീനിയോറിറ്റി / ഗ്രഡേഷൻ പട്ടികകൾ അന്തിമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.30/2022/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 06/01/2022

---

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 12.10.2021 ലെ PAN/12200/2021 - E11 (DP) നമ്പർ നോട്ടീസ്.

2) പഞ്ചായത്ത് ഡയറക്ടറുടെ 03.12.2021 ലെ PAN/12200/2021 - E11 (DP) നമ്പർ കത്ത്.

**ഉത്തരവ്**

പഞ്ചായത്ത് വകുപ്പിൽ അസിസ്റ്റന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, ജോയിന്റ് ഡയറക്ടർ, അഡീഷണൽ ഡയറക്ടർ എന്നീ കേഡറുകളിലെ 01.01.2018 മുതൽ 30.09.2021 വരെ നടന്ന സ്ഥാനക്കയറ്റങ്ങളുടെ അടിസ്ഥാനത്തിൽ കരട് സീനിയോറിറ്റി / ഗ്രഡേഷൻ പട്ടികകൾ പഞ്ചായത്ത് ഡയറക്ടർ പരാമർശം (1) പ്രകാരം തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. കരട് സീനിയോറിറ്റി / ഗ്രഡേഷൻ പട്ടികകൾ അന്തിമമാക്കുന്നതിന് പട്ടികകളിന്മേൽ ഉദ്യോഗസ്ഥർ ഉന്നയിക്കുന്ന ആക്ഷേപവും അവകാശങ്ങളും കേൾക്കുന്നതിനും ആയതിൽ തീരുമാനം എടുക്കുന്നതിനും പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി സർക്കാരിൽ നിന്നും ഉത്തരവാകണമെന്ന് പരാമർശം (2) ലെ കത്ത് പ്രകാരം അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിക്കുകയും പഞ്ചായത്ത് വകുപ്പിൽ അസിസ്റ്റന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, ജോയിന്റ് ഡയറക്ടർ, അഡീഷണൽ ഡയറക്ടർ എന്നീ കേഡറുകളിലെ 01.01.2018 മുതൽ 30.09.2021 വരെ നടന്ന സ്ഥാനക്കയറ്റങ്ങളുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡയറക്ടർ തയാറാക്കിയ കരട് സീനിയോറിറ്റി / ഗ്രഡേഷൻ പട്ടികകളിന്മേൽ ഉദ്യോഗസ്ഥർ ഉന്നയിക്കുന്ന ആക്ഷേപവും അവകാശങ്ങളും കേൾക്കുന്നതിനും ആയതിൽ തീരുമാനം എടുത്ത് സമയബന്ധിതമായി പട്ടികകൾ അന്തിമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷൈജ സി ജി

ഡെപ്യൂട്ടിസെക്രട്ടറി

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
3. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
4. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Sudheer S S
Date: 06-01-2022 17:26:44
Reason: Approved

സെക്ഷൻ ഓഫീസർ